പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 136 30.09.2011 ൽ മറുപടിക്ക്

**ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സാജുപോൾ<br>ശ്രീ.എ.പ്രദീപ്കുമാർ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങളിൽ ജനങ്ങൾ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇങ്ങനെയുള്ള പരാതികൾ ഉണ്ടായേക്കാം. |
| (ബി) യഥാർത്ഥ്യബോധമില്ലാത്ത കാര്യങ്ങൾ പരസ്യങ്ങൾ വഴി ജനങ്ങളെ അറിയിക്കുന്നത് തടയാൻ തയ്യാറാകുമോ; ഏതെല്ലാം നിലയിൽ ഇത് സാധ്യമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിയമപരമായ സാധുത പരിശോധിക്കാവുന്നതാണ്. |
| (സി) ഇക്കാര്യത്തിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ മാതൃകാപരമായി പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ ? | (സി) | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് യാഥാർത്ഥ്യ ബോധത്തോടെയും വസ്തുതാപരമായും തന്നെയാണ് പരസ്യങ്ങൾ നൽകുന്നത്. ഇത് തികച്ചും മാതൃകാപരമാണ്. |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക്സ് (റെഗുലേഷൻ) ആക്ട്, 1995 നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ മാധ്യമ നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തലങ്ങളിലും മാധ്യമ നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പി.ആർ.ഡി ഏറ്റെടുത്തിട്ടുണ്ട്. കേബിൾ ടി.വി.ആക്ടിലെ അഡ്വെർടൈസ്മെന്റ് കോഡിന് വിരുദ്ധമായ സംപ്രേക്ഷണങ്ങൾക്ക് മേൽ നടപടി സ്വീകരിക്കുവാൻ ഈ മാധ്യമ നിരീക്ഷണ സംവിധാനത്തിന് കഴിയും.

പത്രമാധ്യമങ്ങളിലൂടെ പി.ആർ.ഡി. നല്കി വരുന്ന പരസ്യങ്ങൾ വസ്തുനിഷ്ഠമായിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ പി.ആർ.ഡി.മുഖേന അല്ലാതെ പത്രങ്ങളിൽ കൊടുക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിൽ സംവിധാനമൊന്നുമില്ല.